# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *127

11/02/2013 - ലെ മറുപടിയ്ക്ക്

## കിസാൻ കാർഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ പേര് കിസാൻ ക്രെഡിറ്റ് കാർഡ് എന്നാണ്. ഈ പദ്ധതി ബാങ്കുകൾ മുഖേന നടപ്പാക്കി വരുന്നു. കൃഷി വകുപ്പ് ഈ പദ്ധതിയുമായി സഹകരിച്ച് പരമാവധി അപേക്ഷകൾ ശുപാർശ ചെയ്ത് ബാങ്കുകൾക്ക് നൽകുന്നു. |
| (ബി) | കിസാൻ കാർഡുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കിസാൻ ക്രെഡിറ്റ് കാർഡ് എന്ന ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള വായ്പകൾ ലളിതവും സമയോചിതവും ആയി ബാങ്കുകൾ വഴി നൽകുന്നതിന് സൗകര്യമുണ്ടായിരിക്കും. . കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതിയും വിളകളുമനുസരിച്ചാണ് വായ്പ ലഭ്യമാക്കുന്നത്. പരമാവധി തുക നിശ്ചയിച്ചിട്ടില്ല. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം കർഷകർക്ക് കൃഷി ചെയ്യുന്ന വിള, കൃഷി സ്ഥലത്തിന്റെ വിസ്തൃതി, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനത്തിന് വേണ്ട പ്രവർത്തന മൂലധനം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാർഡുകൾ വഴി കർഷകർക്ക് ലഭിക്കുന്നത് ; | (സി) | കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള കർഷകർക്ക് താഴെ പറയുന്ന ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതാണ്.<br><br>1) കൃഷിക്ക് ആവശ്യമുള്ള .ഹ്രസ്വകാല വായ്പകൾ.<br>2)വിളവെടുപ്പിന് ശേഷമുള്ള വിപണനത്തിനായുള്ള വായ്പകൾ.<br>3)കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായുള്ള വായ്പകൾ.<br>4)കർഷക കുടുബങ്ങളുടെ ഉപഭോഗ ആവശ്യത്തിനുള്ള വായ്പകൾ.<br>5)കാർഷിക അനുബന്ധ മേഖലകളിലെ മൂലധന നിക്ഷേപം നിലനിർത്തുന്നതിനുള്ള വായ്പകൾ. .<br>6)പമ്പ് സെറ്റുകൾ, സ്പെയറുകൾ, ക്ഷീരോൽപ്പാദന മൃഗങ്ങൾ (ഡയറി ആനിമൽ) എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ..<br><br>സഹകരണ ബാങ്കിൽ നിന്നും എടുക്കുന്ന 3 ലക്ഷം രൂപവരെയുള്ള കിസാൻ ക്രെഡിറ്റ് വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കുന്നു. എന്നാൽ സ്വകാര്യ ഷെഡ്യൂളുകൾക്ക് ബാങ്കുകളിൽ ഈ സഹായം ലഭിക്കുകയില്ല. പൊതു മേഖലാ ബാങ്കുകൾ കൂടി നൽകുന്ന വായ്പകൾ കേന്ദ്ര സർക്കാർ പലിശ സബ്സിഡി നൽകുന്നതുകൊണ്ട് 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് പരമാവധി പലിശ 7 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ? | (ഡി) | ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ക്രഡിറ്റ് കാർഡ്, പാസ്സ്ബുക്ക് / ക്രഡിറ്റ് കാർഡ് കം പാസ്സ് ബുക്ക് ലഭിക്കുന്നതാണ്. അതിൽ അംഗത്തിന്റെ പേര്, ഫോട്ടോ, വിലാസം, കൈവശ ഭൂമിയുടെ വിശദ വിവരം, വായ്പാ പരിധി, കാലാവധി എന്നിവ രേഖപ്പെടുത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ